# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.6798 13.07.2012 ൽ മറുപടിക്ക്

**കാസർകോട് ജില്ലയിലെ ജീവനക്കാരെ മുൻകൂർ അനുമതി വ്യവസ്ഥയിൽ നിന്നും ഒഴിവാക്കുവാൻ നടപടി**

| ചോദ്യം<br>ശ്രീ. ഇ. ചന്ദ്രശേഖരൻ: | | ഉത്തരം<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാന ജീവനക്കാർ അന്യ സംസ്ഥാനങ്ങളിൽ ചികിത്സ തേടുമ്പോൾ മുൻകൂർ അനുമതി വാങ്ങിയാൽ മാത്രമേ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കുകയുള്ളൂ എന്ന വ്യവസ്ഥ നിലവിലുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | അടിയന്തിര ഘട്ടങ്ങളിൽ മുൻകൂർ അനുമതി വാങ്ങാതെ ഇത്തരം ചികിത്സ ആവശ്യമായി വരുന്ന ഘട്ടത്തിൽ, കേസുകളുടെ മെറിറ്റ് നോക്കി മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നുണ്ടോ; | (ബി) | അനുവദിക്കുന്നുണ്ട്. |
| (സി) | ഉണ്ടെങ്കിൽ അതിനുള്ള നടപടിക്രമം വിശദമാക്കുമോ; | (സി) | സംസ്ഥാനത്തിനകത്ത് ചികിത്സാ സൗകര്യം ലഭ്യമല്ലാത്ത കേസുകളിൽ സർക്കാർ ആശുപത്രികളിലെ റഫറൻ സോടുകൂടി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അപേക്ഷ നൽകിയാൽ അന്യസംസ്ഥാനങ്ങളിൽ വിദഗ്ദ്ധ ചികിത്സ തേടുന്നതിന് അനുമതി നൽകുന്നതാണ്. എന്നാൽ, അടിയന്തിര ഘട്ടങ്ങളിൽ സംസ്ഥാനത്തിന് പുറത്തുള്ള സർക്കാർ അംഗീകൃത ആശുപത്രികളിൽ അനുമതി വാങ്ങാതെ ചികിത്സ തേടുന്ന കേസുകളിൽ അർഹത പരിശോധിച്ച് സർക്കാർ തലത്തിൽ സാധൂകരണം നൽകി വരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരംഅപേക്ഷകൾ തീരുമാനമാക്കാതെ മടങ്ങുകയോ, അനുവദിക്കാതിരിക്കുകയോ ചെയ്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ചികിത്സാസൌകര്യങ്ങൾ വളരെ കുറഞ്ഞതും കർണാടകയിലെ മംഗലാപുരത്ത് മാത്രം വിദഗ്ധ ചികിത്സാ സൗകര്യമുള്ളതുമായ, കാസർകോട് ജില്ലയിലെ ജീവനക്കാരെ മുൻകൂർ അനുമതി വ്യവസ്ഥയിൽ നിന്നും ഒഴിവാക്കുവാൻ നപടി സ്വീകരിക്കുമോ? | (ഇ) | ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ